2026
FEBRUARY
21
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# 'പാക്സ് സിലിക്ക'യിൽ ഒപ്പുവെച്ച് ഇന്ത്യ

## യുഎസുമായി സാങ്കേതിക സഹകരണം ശക്തമാക്കും

**ന്യൂഡൽഹി:** 'പാക്സ് സിലിക്ക' സഖ്യത്തിൽ ചേർന്ന് ഇന്ത്യ. എഐ ഇംപാക്ട് ഉച്ചകോടി 2026ന്റെ അഞ്ചാം ദിനമായ ഇന്നലെയാണ് ഇന്ത്യ ഔദ്യോഗികമായി സഖ്യത്തിൽ ചേർന്നത്. ഇന്ത്യയും യുഎസും തമ്മിലെ തന്ത്രപരമായ സാങ്കേതികവിദ്യയുടെയും വിതരണ ശൃംഖലയുടെയും സഹകരണം ശക്തിപ്പെടുത്തുന്നതിലെ സുപ്രധാന നാഴികക്കല്ലാണിത്. എഐ അധിഷ്ഠിത ആഗോള സമ്പദ്വ്യവസ്ഥയ്ക്ക് കരുത്തു പകരുന്ന സമ്പൂർണ സാങ്കേതികവിദ്യ ഉറപ്പാക്കാൻ ഇരു രാജ്യങ്ങളിലെയും മുതിർന്ന നേതാക്കളും ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിച്ചു. നിർണ്ണായക ധാതുക്കളുടെ ഖനനവും അർധചാലക നിർമാണവും മുതൽ അത്യാധുനിക എഐ സംവിധാനങ്ങളുടെയും വിന്യാസങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾക്ക് വരെ ആവശ്യമായ 'സിലിക്കൺ സ്റ്റാക്ക്' സുരക്ഷിതമാക്കാൻ പ്രതിബദ്ധരായ വിശ്വസ്ത രാഷ്ട്രങ്ങളുടെ തന്ത്രപരമായ സഖ്യമെന്ന നിലയിലാണ് പാക്സ് സിലിക്ക വിഭാവനം ചെയ്തിരിക്കുന്നത്.



ആഗോള വിതരണ ശൃംഖലകളിലെ അമിത കേന്ദ്രീകരണം കുറയ്ക്കാനും സാമ്പത്തിക സമ്മർദങ്ങൾ തടയാനും വളർന്നുവരുന്ന സാങ്കേതികവിദ്യകളുടെ വികസനവും നിയന്ത്രണവും സ്വതന്ത്ര ജനാധിപത്യ സമൂഹങ്ങളാണെന്ന് ഉറപ്പാക്കാനും സംരംഭം ലക്ഷ്യമിടുന്നു.

നാം ഒരു ഉച്ചകോടി നടത്തുക മാത്രമല്ല ചെയ്യുന്നതെന്നും ഭാവി കെട്ടിപ്പടുക്കുകയാണെന്നും അതുവഴി യുവതലമുറയ്ക്കായി പുതിയ അടിത്തറകളും അവസരങ്ങളും സൃഷ്ടിക്കുകയാണെന്നും കേന്ദ്ര ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. ഇന്ത്യയിലെ കഴിവുറ്റ എൻജിനീയർമാർ ഇന്ന് ലോകത്തെ അതിനൂതനമായ 2 എൻ എം ചിപ്പുകൾ രൂപകൽപ്പന ചെയ്യുന്നു. അർധചാലക വ്യവസായത്തിന് ഏകദേശം പത്ത് ലക്ഷം പുതിയ വിദഗ്ധ പ്രൊഫഷണലുകളെ ആവശ്യമായി വരും. ഇത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെ വലിയ അവസരമാണെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി. പ്രഖ്യാപനം കേവലം കടലാസിലെ കരാറല്ലെന്നും പങ്കിട്ട ഭാവിയ്ക്ക് വഴിയൊരുക്കുന്ന ആസൂത്രണമാണെന്നും യുഎസ് സാമ്പത്തിക വളർച്ച ഊർജ പരിസ്ഥിതി വിഭാഗം അർ സെക്രട്ടറി ജേക്കബ് ഹെൽബെർഗ് പറഞ്ഞു. സാങ്കേതികവിദ്യ ആയുധമാക്കി മറ്റുള്ളവരെ ആശ്രയിക്കാൻ നിർബന്ധിക്കുന്നതിനോ ഭീഷണിപ്പെടുത്തുന്നതിനോ വഴങ്ങില്ലെന്ന പ്രഖ്യാപനമാണ് പാക്സ് സിലിക്ക പ്രഖ്യാപനത്തിലൂടെ മുന്നോട്ടുവെയ്ക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സാമ്പത്തിക സുരക്ഷയെന്നാൽ ദേശീയ സുരക്ഷയാണെന്നും അദ്ദേഹം പറഞ്ഞു. ഭൂമിക്കടിയിലെ ധാതുക്കളും ലാബുകളിലെയും ഫാബുകളിലെയും സിലിക്കൺ വേഫറുകളും മനുഷ്യന്റെ കഴിവുകളെ പുറത്തെടുക്കുന്ന ബുദ്ധിശക്തിയുമടക്കം ഭാവിയുടെ സമ്പൂർണ സാങ്കേതികവിദ്യയെയാണ് നാം സുരക്ഷിതമാക്കുന്നത്. ഭാവി എന്ന പ്രഖ്യാപനമാണ് പാക്സ് സിലിക്കയെന്ന് അദ്ദേഹം വിശദീകരിച്ചു. ഇന്ത്യയുടെ പാക്സ് സിലിക്ക പ്രവേശനം നയതന്ത്രപരവും അത്യന്താപേക്ഷിതവുമാണെന്ന് ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ അഭിപ്രായപ്പെട്ടു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സാമ്പത്തിക സാങ്കേതിക ക്രമത്തെ നിർവചിക്കുന്ന സഖ്യമാണ് പാക്സ് സിലിക്കയെന്ന് അദ്ദേഹം പറഞ്ഞു. ഒപ്പുവെയ്ക്കൽ ചടങ്ങിന് പിന്നാലെ സംഘടിപ്പിച്ച ഉന്നതതല ചർച്ചയിൽ ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയ സെക്രട്ടറി എസ്. കൃഷ്ണൻ, ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ, മൈക്രോൺ ടെക്നോളജി സിഇഒ സഞ്ജയ് മെഹ്റോത്ര, ടാറ്റ ഇലക്ട്രോണിക്സ് സിഇഒയും എംഡിയുമായ രൺധീർ താക്കൂർ എന്നിവർ പങ്കെടുത്തു.

# ഉപഭോക്തൃ സംരക്ഷണ നിയമങ്ങൾ ലംഘിച്ചു ; ആറ് ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾക്ക് നോട്ടീസ്

**ന്യൂഡൽഹി:** 'ആന്റിഡ്രോൺ സിസ്റ്റങ്ങൾ', 'ഡ്രോൺ ജാമറുകൾ', 'ജിപിഎസ് ജാമറുകൾ' തുടങ്ങിയ നിയന്ത്രിത വയർലെസ് ട്രാൻസ്മിറ്റിംഗ് ഉപകരണങ്ങൾ ലിസ്റ്റ് ചെയ്തതിനും വിൽപ്പനയ്ക്കായി വാഗ്ദാനം ചെയ്തതിനും ആറ് ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾക്ക് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി നോട്ടീസ് അയച്ചു. 2019ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റേയും ബാധകമായ മറ്റ് ടെലികോം, വ്യാപാര നിയന്ത്രണ നിയമങ്ങളുടെയും ലംഘനം ആരോപിച്ചാണ് ഈ നടപടി. ഡ്രോൺ ജാമറുകളും സിഗ്നൽ ജാമിംഗ് ഉപകരണങ്ങളും 1885ലെ ഇന്ത്യൻ ടെലിഗ്രാഫ് ആക്ട്, 1933ലെ വയർലെസ് ടെലിഗ്രാഫി ആക്ട് എന്നിവയ്ക്ക് കീഴിലാണ് നിയന്ത്രിക്കപ്പെടുന്നത്. ഇവ ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെയും വയർലെസ് പ്ലാനിംഗ് ആൻഡ് കോർഡിനേഷന്റെയും കർശനമായ ലൈസൻസിംഗിനും നിയന്ത്രണത്തിനും വിധേയമാണ്.

ഇത്തരം നിയന്ത്രിത ഉപകരണങ്ങളുടെ ഇറക്കുമതി 1992ലെ വിദേശ വ്യാപാര (വികസനവും നിയന്ത്രണവും) നിയമം, ബാധകമായ ഡിജിഎഫ്ടി വിജ്ഞാപനങ്ങൾ എന്നിവ പ്രകാരമാണ് നിയന്ത്രിക്കുന്നത്. നിയമപരമായ അംഗീകാരങ്ങൾക്ക് വിധേയമായി, അംഗീകൃത സർക്കാർ ഏജൻസികൾക്കും നിയമപാലകർക്കും മാത്രമേ സാധാരണയായി ഇത്തരം ഉപകരണങ്ങൾ അനുവദിക്കാറുള്ളൂ. നിയമപരമായ നിയന്ത്രണങ്ങളെയും നിയമപരമായ പ്രത്യാഘാതങ്ങളെയും കുറിച്ചുള്ള സുപ്രധാന വിവരങ്ങൾ ഒളിച്ചുവെക്കുന്നത് 2019ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ 2(47), 18, 19 വകുപ്പുകൾ പ്രകാരം പ്രഥമദൃഷ്ട്യാ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യവും അന്യായമായ വ്യാപാര രീതിയുമാണ്. 2020 ലെ ഉപഭോക്തൃ സംരക്ഷണ (ഇകൊമേഴ്സ്) നിയമങ്ങളുടെ റൂൾ 4 പ്രകാരം, മാർക്കറ്റ് പ്ലെയ്സ് സ്ഥാപനങ്ങൾ ഉചിതമായ ജാഗ്രത പാലിക്കുകയും ബാധകമായ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം. നിയമപരമായ അംഗീകാരം പരിശോധിക്കാതെ നിയന്ത്രിത ജാമിംഗ് ഉപകരണങ്ങളുടെ വിൽപനയ്ക്ക് വേദിയൊരുക്കുന്നതോ സൗകര്യമൊരുക്കുന്നതോ 1885 ലെ ഇന്ത്യൻ ടെലിഗ്രാഫ് ആക്ട്, 1933 ലെ വയർലെസ് ടെലിഗ്രാഫി ആക്ട്, 1992 ലെ വിദേശ വ്യാപാര (വികസനവും നിയന്ത്രണവും) ആക്ടിലെ പ്രസക്തമായ വ്യവസ്ഥകൾ എന്നിവ പ്രകാരം ശിക്ഷാർഹമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും. വയർലെസ് ജാമറുകളുടെ അനധികൃത വിൽപനയ്ക്കും അതിന് സൗകര്യമൊരുക്കുന്നതിനും എതിരെ നേരത്തെ ഇകൊമേഴ്സ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി അധികൃതർ വ്യക്തമാക്കി.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **കൊച്ചി ദർബാർഹാൾ ഗ്രൗണ്ട് :** സ്വീപ് പദ്ധതിയുടെ ഭാഗമായി വോട്ടർ ബോധവത്കരണ പരിപാടി 'വോട്ട് പാട്ടരങ്ങ്' വൈകിട്ട് 6ന്.
- **ചാവറ കൾച്ചറൽ സെന്റർ തിയേറ്റർ ഹാൾ:** എം.ടി. വാസുദേവൻനായരുടെ കഥയെ ആസ്പദമാക്കി 'ദയ എന്ന പെൺകുട്ടി' നാടകം വൈകിട്ട് 6.30ന്.

## ആലുവ

- **ആലുവ സി എസ്ഐ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളി :** ബൈബിൾ കൺവെൻഷൻ രാവിലെ 10ന്.

## കളമശേരി

- **നുവാൽസ് അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക് സെമിനാർ ഹാൾ :** സർക്കാർ അഭിഭാഷകർക്ക് പരിശീലനം രാവിലെ 10ന്.
- **തേവയ്ക്കൽ ആനക്കുഴിക്കാട് ശ്രീ ഭദ്രകാളിക്ഷേത്രം :** താലപ്പൊലി ഉത്സവം രാവിലെ 6ന്.
- **ചാക്കോളാസ് പവലിയൻ :** കേരള അഗ്രോ ഫുഡ് പ്രോ 2026 രാവിലെ 10.30.

## വടുതല

- **വടുതല ശ്രീമൽ ഗണപതി ദേവസ്ഥാനം :** മഹോത്സവം നൃത്ത നൃത്ത്യങ്ങൾ, സംഗീതാർച്ചന രാത്രി 7 മുതൽ.

## കോലഞ്ചേരി

- **പുത്തൻകാവ് ഭഗവതി ക്ഷേത്രം :** കുംഭഭരണി മഹോത്സവം നൃത്തസന്ധ്യ വൈകിട്ട് 6ന്.

## പെരുമ്പാവൂർ

- **കിഴില്ലം പെരുംതൃക്കോവിൽ മഹാദേവ ക്ഷേത്രം :** തിരുവുത്സവം വയലിൻ കച്ചേരി, ചാക്യാർകൂത്ത് വൈകിട്ട് 6ന്.

## കോതമംഗലം

- **നെല്ലിമറ്റം കവളങ്ങാട് സഹകരണ ബാങ്ക് ഓഡിറ്റോറിയം :** കുട്ടമംഗലം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണ ഉദ്ഘാടനം രാവിലെ 10.30 ന്.
- **കോതമംഗലം ടൗണിൽ :** പ്രതിപക്ഷ നേതാവ് വി ഡി സതീശൻ നയിക്കുന്ന പുതുയുഗ യാത്രക്ക് സ്വീകരണം വൈകിട്ട് 5 ന്.
- **നെല്ലിമറ്റം കോട്ടപ്പാടം ഭഗവതി ക്ഷേത്രം :** താലപ്പൊലി ഉത്സവം പുലർച്ചെ 5 മണിമുതൽ .
- **ആയപ്പാറ വനദുർഗ ദേവി ക്ഷേത്രം:** പ്രതിഷ്ഠാ ദിന ഉത്സവം പ്രസാദ ശുദ്ധി രാത്രി 7 ന് .
- **പാനിപ്ര കാവ് ഭഗവതി ക്ഷേത്രം :** കുംഭ ഭരണി ഉത്സവം രാവിലെ 6 മണി മുതൽ .

## മൂവാറ്റുപുഴ

- **വൈഎംസിഎ ഹാൾ :** ആർഎംപിഐ സംസ്ഥാന കൺവൻഷൻ രാവിലെ 11ന്.

## കാലടി

- **ശ്രീമൂലനഗരം എടനാട് അമ്പലക്കുളങ്ങര ക്ഷേത്രം :** തിരുവാതിര, കൈകൊട്ടിക്കളി ,നൃത്തനാടകം വൈകിട്ട് 6ന്.

## തിരുവൈരാണിക്കുളം

- **തിരുവൈരാണിക്കുളം മഹാദേവക്ഷേത്രം :** തിരുവുത്സവം രാവിലെ 9 മുതൽ.

## ഏലൂർ

- **ഇലഞ്ഞിക്കൽ മഹാദേവക്ഷേത്രം :** പ്രതിഷ്ഠാദിനം തിരുവാതിരകളി വൈകിട്ട് 6.30ന്.

ഷൂട്ട് @ സൈറ്റ്



**ദേശാടനം.......** എറണാകുളം കടമക്കുടിയിൽ എത്തിയ ദേശാടന പക്ഷികൾ.
*ഫോട്ടോ- എ.എസ് സതീഷ്*

# പെരുമ്പടപ്പ് വൈലോപ്പള്ളി ലൈനിൽ 40 ഓളം വീട്ടുകാർക്ക് കുടിവെള്ളമില്ല; അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്

**കൊച്ചി :** പെരുമ്പടപ്പ് വൈലോപ്പള്ളി ലൈനിൽ 40 ഓളം വീട്ടുകാർക്ക് കുടിവെള്ളം നിഷേധിക്കുകയാണെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ് കേസെടുത്ത് അധികൃതരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു.
വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയും രാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം. മലിനജലവും ഉപ്പും കലർന്ന വെള്ളമാണ് പൈപ്പിലൂടെ ലഭിക്കുന്നതെന്ന് നാട്ടുകാർ പരാതിപ്പെടുന്നു. പണം കൊടുത്താണ് പ്രദേശവാസികൾ കുടിവെള്ളം വാങ്ങുന്നത്.
വീട്ടിൽ പൈപ്പ് കണക്ഷനുണ്ടെങ്കിലും കഞ്ഞി വയ്ക്കാൻ വെള്ളം പണം കൊടുത്ത് വാങ്ങണം. അമൃത് പദ്ധതി പ്രകാരം മിക്കാവാറും വീടുകളിൽ പൈപ്പ് കണക്ഷനുങ്കിലും വെള്ളം കിട്ടാനില്ല. പൈപ്പ് ചോരുന്നത് കാരണമാണ് കുടിവെള്ളത്തിൽ മാലിന്യം കലരുന്നതെന്ന് പറയുന്നുണ്ടെങ്കിലും പൈപ്പ് എവിടെയാണ് ചോരുന്നതെന്ന് കണ്ടെത്താൻ വാട്ടർ അതോറിറ്റിയ്ക്ക് കഴിഞ്ഞിട്ടില്ലെന്ന് നാട്ടുകാർ പറയുന്നു. ഇടക്കൊച്ചി സ്വദേശിനി സജ്ന യേശുദാസിന്റെ നേതൃത്വത്തിൽ 95 പേർ ഒപ്പിട്ട് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

# ഐ.എസ്.എൽ : തയ്യാറെടുപ്പുകൾ വിലയിരുത്തി



**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗിലെ (ഐ.എസ് എൽ) കേരള ബ്ലാസ്റ്റേഴ്സിന്റെ ഹോം മത്സരങ്ങൾക്ക് വേദിയാകുന്ന കലൂർ രാജ്യാന്തര സ്റ്റേഡിയത്തിലെ ഒരുക്കങ്ങൾ വിലയിരുത്താൻ ജില്ലാ കളക്ടർ ജി.പ്രിയങ്കയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. ജില്ലാ ഭരണകൂടത്തിന്റെ എല്ലാ സഹകരണങ്ങളും മത്സരങ്ങളുടെ നടത്തിപ്പിനായി ഉണ്ടായിരിക്കും. ബ്ലാസ്റ്റേഴ്സിന്റെ ഹോം മത്സരങ്ങൾക്കായുള്ള തയ്യാറെടുപ്പുകൾ കലൂർ സ്റ്റേഡിയത്തിൽ പൂർത്തിയായി കൊണ്ടിരിക്കുകയാണ്. മത്സരം നടക്കുന്ന ദിവസങ്ങളിൽ കലൂർ സ്റ്റേഡിയത്തിൽ പോലീസ്, റവന്യൂ, ആരോഗ്യം, ഫയർ ആൻഡ് റെസ്ക്യൂ തുടങ്ങിയ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി വെന്യു ഓപ്പറേഷൻ സെന്റർ പ്രവർത്തിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. മത്സര ദിവസങ്ങളിൽ സുഗമമായ ഗതാഗത നിയന്ത്രണം ഉറപ്പുവരുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ക്രമീകരിക്കാൻ യോഗം നിർദ്ദേശം നൽകി. ആ ദിവസങ്ങളിൽ ആവശ്യമെങ്കിൽ കൂടുതൽ സർവീസുകൾ നടത്തുന്നതിനും, ട്രെയിൻ സർവീസ് സമയം ദീർഘിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാനും കൊച്ചി മെട്രോ ഉദ്യോഗസ്ഥരോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.
ഫെബ്രുവരി 22 ന് മുംബൈ സിറ്റി എഫ്സിയുമായാണ് ബ്ലാസ്റ്റേഴ്സിന്റെ ആദ്യ ഹോം മാച്ച്. യോഗത്തിൽ ഡിഎം ഡെപ്യൂട്ടി കളക്ടർ കെ മനോജ് മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പരിശീലനം നൽകുന്നു

**കൊച്ചി:** ഹൈഡ്രോപണിക്സ്, മൈക്രോഗ്രീൻസ് കൃഷി എന്നീ വിഷയങ്ങളിൽ ഫെബ്രുവരി 24ന് കാക്കനാട് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫീസിൽ പരിശീലനം നൽകും.
താല്പര്യമുള്ളവർ 9497713882 എന്ന നമ്പറിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# തീരദേശത്തെ കരുത്തായി സാഫ്;
## പ്രതിവർഷം നടക്കുന്നത് 150 കോടിയുടെ ബിസിനസ് : മന്ത്രി സജി ചെറിയാൻ

**കൊച്ചി:** മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളുടെ സാമ്പത്തിക പുരോഗതി ലക്ഷ്യമിട്ടുള്ള സാഫ് സംരംഭകർ സംസ്ഥാനത്ത് വലിയ മുന്നേറ്റമാണ് നടത്തുന്നതെന്ന് സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മികച്ച പ്രവർത്തനങ്ങളിലൂടെ പ്രതിവർഷം 150 കോടി രൂപയുടെ ബിസിനസ് നേടാൻ സാഫ് സംരംഭകർക്ക് സാധിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എറണാകുളം കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ സഫലം 2026 എന്ന പേരിൽ സംഘടിപ്പിച്ച സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) സംരംഭകരുടെ സംസ്ഥാന തല സംഗമവും 200 മത്സ്യത്തൊഴിലാളി വനിതാ സംരംഭങ്ങളുടെ പ്രവർത്തനോദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്രവികസനവും ശാക്തീകരണവും ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പിനു കീഴിൽ 2005ൽ പ്രവർത്തനമാരംഭിച്ച സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) എന്ന ഏജൻസി കേരളത്തിലുടനീളം മൂവായിരത്തി അഞ്ഞൂറോളം ബദൽ ജീവനോപാധി സൂക്ഷ്മ സംരംഭങ്ങളാണ് മത്സ്യത്തൊഴിലാളി വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചത്. പതിനായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സാഫ് പദ്ധതികളുടെ ഗുണഫലം ലഭ്യമായിട്ടുണ്ട്. 2006ൽ സുനാമി പുനരധിവാസ പദ്ധതിയുടെ നിർവഹണ ഏജൻസിയായി സാഫ് പ്രവർത്തിച്ചു. സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവരെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകി പ്രാപ്തമാക്കുന്ന സാഫിനെ ഫിഷറീസ് വകുപ്പിന്റെ കീഴിലെ ഏറ്റവും മികച്ച സ്ഥാപനം എന്നനിലയിൽ വളർത്തിയെടുക്കാൻ കഴിഞ്ഞു.ഫിഷറീസ് മേഖലയിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി 22000 വീടുകൾ നിർമ്മിച്ചു നൽകി ഭവന നിർമ്മാണ രംഗത്ത് മികച്ച മുന്നേറ്റം നടത്തി. തൊഴിൽ തീരം പദ്ധതിയും വിജയകരമായി നടപ്പാക്കി. മത്സ്യ തൊഴിലാളി മേഖലയിൽ ഏറ്റവും കൂടുതൽ പ്രവർത്തനം ഏകോപിപ്പിക്കുന്ന സ്ഥലം കൊച്ചിയാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ വരും കാലങ്ങളിൽ ഏറ്റവും കൂടുതൽ മൂലധന നിക്ഷേപം നടക്കാൻ പോകുന്ന മേഖല ഫിഷറീസ് മേഖലയായിരിക്കും. കടലിലെ മത്സ്യ ഉത്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട് . ഉൾനാടൻ മത്സ്യ മേഖലയിൽ നിലവിലുണ്ടായിരുന്ന ഉല്പാദനശേഷി ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ സാഫിന്റെ പുതിയ വസ്ത്ര ബ്രാൻഡായ 'സാഫ് കോറൽ ബ്ലൂംസ്' ബ്രാൻഡിന്റെ പ്രകാശനം ഹൈബി ഈഡൻ എം പി നിർവഹിച്ചു. ചടങ്ങിൽ മികച്ച സാഫ് സംരംഭകർക്കുള്ള അവാർഡുകളും പുതിയ സംരംഭങ്ങൾക്കുള്ള ധനസഹായത്തിന്റെ വിതരണവും നടത്തി. സാഫ് പ്രവർത്തനങ്ങളുടെ ഡോക്യുമെന്ററി പ്രകാശനം, മികച്ച തീരമൈത്രി മാനേജ്മെന്റ് കൗൺസിൽ (ടി.എം.സി), മികച്ച ഫീൽഡ്തല ഉദ്യോഗസ്ഥർ, മികച്ച ജില്ലകൾ, 15 വർഷം തുടർച്ചയായി പ്രവർത്തിച്ചുവരുന്ന സാഫിന്റെ മികച്ച സംരംഭകരെ ആദരിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. ഗുണഭോക്തൃസംഗമത്തിൽ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും മൂവായിരത്തോളം ഗുണഭോക്താക്കൾ പങ്കെടുത്തു.ടി.ജെ.വിനോദ് എം എൽ എ അധ്യക്ഷനായി. മേയർ അഡ്വ. വി.കെ മിനി മോൾ മുഖ്യാതിഥിയായി.

# 'ആരോഗ്യം ആനന്ദം' സംഘടിപ്പിച്ചു




**ചേർത്തല:** ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ആരോഗ്യകരമായ ജീവിതശൈലിയിലേക്ക് ജനങ്ങളെ തിരിച്ചുകൊണ്ടു വരുന്നതിനുമായി നാഷണൽ ആയുഷ് മിഷന്റെയും ഹോമിയോപ്പതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചേർത്തലയിൽ 'ആരോഗ്യം ആനന്ദം ' പരിപാടി സംഘടിപ്പിച്ചു.

മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ചേർത്തല നഗരസഭ വൈസ് ചെയർപേഴ്സൺ വത്സലകുമാരി അധ്യക്ഷത വഹിച്ചു. ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ എസ്. സനീഷ്, കൗൺസിലർമാരായ ടെസ്സി ബോണി , ഷൈനി റെജി, ആലപ്പുഴ നാഷണൽ ആയുഷ് മിഷൻ ഡി. പി. എം. ഡോ. എസ് ശ്രീജിനൻ, ആശുപത്രി സൂപ്രണ്ട് ഡോ. എം. ഷീജ, ആയുർവേദ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. അനുപമ എസ്. പിള്ള, ആശുപത്രി ആർ.എം.ഒ ഡോ അശ്വതി ധർ പ്രോഗ്രാം കൺവീനറും പട്ടണക്കാട് സി.എം. ഒ. യുമായ ഡോ ജെയിംസ് പി. ജോയ് തുടങ്ങിയവർ സംസാരിച്ചു. വയലാർ മെഡിക്കൽ ഓഫീസർ ഡോ ബൽരാജ്, കഞ്ഞിക്കുഴി മെഡിക്കൽ ഓഫീസർ ഡോ. ശാരിക, പള്ളിപ്പുറം മെഡിക്കൽ ഓഫീസർ ഡോ വിദ്യ എം. പൈ, ആശുപത്രി എൻഎഎം മെഡിക്കൽ ഓഫിസർമാരായ ഡോ. ജാൻസി പി. എൻ, ഡോ ദേവി മഹേഷ് എസ്, ഡോ വിശ്വലക്ഷ്മി ജി. എന്നിവർ ഹോമിയോപ്പതി വകുപ്പിനു കീഴിലുള്ള വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു.

പൊതുസമ്മേളനത്തിന് ശേഷം ആശുപത്രി പരിസരത്ത് നിന്ന് കോടതി കവല വരെ വാക്കത്തോൺ സംഘടിപ്പിച്ചു. മുഹമ്മ എപിഎച്ച്സി മെഡിക്കൽ ഓഫീസർ ഡോ. ബിനു ലക്ഷ്മൺ നയിച്ച ബോധവൽക്കരണ ക്ലാസ്, ആശുപത്രിയോഗ ഇൻസ്ട്രക്ടർ അഭിജിത്തിന്റെ നേതൃത്വത്തിൽ യോഗ ഡെമോൺസ്ട്രേഷൻ, സൗജന്യ രക്ത പരിശോധന, ഹെൽത്തി ഫുഡ് എക്സിബിഷൻ, ആയുർവേദ എക്സ്പോ എന്നിവയും ഉണ്ടായിരുന്നു.

# കെ.പി ബ്രഹ്മാനന്ദൻ പുരസ്കാരം ഗായിക സുജാത മോഹന്



**കൊച്ചി:** അനശ്വര ഗായകൻ കെ.പി ബ്രഹ്മാനന്ദന്റ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ ബ്രഹ്മാനന്ദൻ ചലച്ചിത്ര പുരസ്കാരം ഗായിക സുജാത മോഹന്. ഇന്ത്യൻ ചലച്ചിത്രസംഗീതരംഗത്ത് സുജാത നൽകിയ സമഗ്ര സംഭാവനകളെ ആദരിച്ചാണ് പുരസ്കാരം നൽകുന്നത്. അൻപതിനായിരം രൂപയുടെ പാരിതോഷികം, ശിൽപവും, പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. കൊച്ചി പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ നാളെ വൈകുന്നേരം 5ന് നടക്കുന്ന ചടങ്ങിൽ സംവിധായകൻ കമൽ പുരസ്കാരം സമ്മാനിക്കുമെന്ന് അവാർഡ് കമ്മിറ്റി മെമ്പർമാരായ സംഗീതജ്ഞൻ രാകേഷ് ബ്രഹ്മാനന്ദൻ, എൻ.ബി സ്വരാജ്, നടി രഞ്ജിനി മേനോൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ചടങ്ങിൽ എഴുത്തുകാരൻ വി. ആർ. സുധീഷ്, സംഗീതജ്ഞരായ ബിജിബാൽ, വിജയ് യേശുദാസ്, ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജ് സ്വരാജ്, മറിയ ഉമ്മൻ , ഗായിക രഞ്ജിനി , സിനിമാ താരങ്ങളായ രഞ്ജിനി മേനോൻ, കുട്ടിക്കൽ ജയചന്ദ്രൻ, ദിയ, കൈലാഷ് എന്നിവർ പങ്കെടുക്കും. കെ.പി. ബ്രഹ്മാനന്ദന്റെ 80 ജന്മദിനാഘോഷങ്ങളുടെ ഭാഗമായി സംഗീതസന്ധ്യയും അരങ്ങേറും. ബ്രഹ്മാനന്ദന്റെ ജീവിതകഥയും അനശ്വര ഗാനങ്ങളും കോർത്തിണക്കി സമഗ്ര സ്റ്റേജ് പരിപാടിയായ 'നീല നിശീഥിനി ദി ബ്രഹ്മാനന്ദൻ സ്റ്റോറീസ്' അവതരിപ്പിക്കും. ആനിമേറ്റഡ് ദൃശ്യങ്ങളിലൂടെ ബ്രഹ്മാനന്ദന്റെ ജീവിതകഥ സ്റ്റേജിന്റെ പശ്ചാത്തല സ്ക്രീനിൽ സജീവമാകുമ്പോൾ, അദ്ദേഹത്തിന്റെ അനശ്വര ഗാനങ്ങൾ ലൈവ് ഓർക്കസ്ട്രയുടെ അകമ്പടിയോടെ അവതരിപ്പിക്കുന്നത് അദ്ദേഹത്തിന്റെ മകനും ചലച്ചിത്ര പിന്ന ണി ഗായകനുമായ രാകേഷ്ബ്രഹ്മാനന്ദനാണ്. ചലച്ചിത്ര പിന്നണി ഗായകരായ വിജയ് യേശുദാസ്, രഞ്ജിനി ജോസ്, സയനോര, അനൂപ് ശങ്കർ, ഇഷാൻദേവ്, നിത്യ മാമൻ, വൃന്ദ മേനോൻ, ദിവ്യ എസ്. മേനോൻ, അൽക്ക അസ്കർ, വിജേഷ് ഗോപാൽ, മിഥുൻ ജയരാജ്, ഫർഹാൻ നവാസ്, ആൻ ബെൻസൺ, അജയ് ഗോപാൽ എന്നിവർ സംഗീതവിരുന്നിന്റെ ഭാഗമാകുമെന്ന് സംഘാടകർ പറഞ്ഞു.

# വന്ദേമാതരം സിഐഎസ്എഫ് കോസ്റ്റൽ സൈക്ലത്തോൺ നാളെ കൊച്ചിയിൽ സമാപിക്കും

**കൊച്ചി:** വന്ദേമാതരം സിഐഎസ്എഫ് കോസ്റ്റൽ സൈക്ലത്തോൺ 2026ന്റെ സമാപനപരിപാടി നാളെ വൈകുന്നേരം 5.30 മുതൽ കൊച്ചി തേവരയിലെ സേക്രഡ് ഹാർട്ട് കോളേജിൽ നടക്കും. കേന്ദ്ര ആഭ്യന്തര സഹമന്ത്രി ബന്ദി സഞ്ജയ് കുമാർ പരിപാടിയിൽ മുഖ്യാതിഥിയായിരിക്കും. സംസ്ഥാന, കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള വിശിഷ്ട വ്യക്തികളും, മറ്റു പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും. സമാപന ദിനത്തോടനുബന്ധിച്ച് നടക്കുന്ന സാംസ്കാരിക പരിപാടികൾ കാണാൻ പൊതുജനങ്ങൾക്കും അവസരം ഉണ്ടായിരിക്കും. സമാപന ചടങ്ങിന് മുമ്പായി രണ്ട് സൈക്ലത്തോൺ സംഘങ്ങളും കേരളത്തിൽ പ്രവേശിക്കും. സൈക്ലത്തോണിൽ പത്ത് മലയാളി സൈക്ലിസ്റ്റുകളും 65 വനിതകളും പങ്കെടുക്കുന്നു. തീരദേശ സുരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ദേശീയ സുരക്ഷാ സംരംഭങ്ങളിൽ പൊതുജന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുള്ള വന്ദേമാതരം സിഐഎസ്എഫ് കോസ്റ്റൽ സൈക്ലത്തോൺ, ജനുവരി 28 ന് ന്യൂഡൽഹിയിൽ നിന്നാണ് ആരംഭിച്ചത്. ഗുജറാത്തിലെ കച്ചിലുള്ള ലഖ്പത് കോട്ടയിൽ നിന്നാണ് പശ്ചിമ തീര സംഘത്തിന്റെ യാത്ര ആരംഭിച്ചത്. പശ്ചിമ ബംഗാളിലെ സൗത്ത് 24 പർഗാനാസിലെ ബഖാലിയിൽ നിന്നാണ് പൂർവ തീരസംഘ യാത്ര ആരംഭിച്ചത്. 25 ദിവസം നീണ്ടുനിൽക്കുന്നതും ഏകദേശം 6,553 കിലോമീറ്റർ ദൈർഘ്യമുള്ളതുമായ സൈക്ലത്തോണിന്റെ ഭാഗമായി മുംബൈ, ഗോവ, മംഗളൂരു, ഹൽദിയ, കൊണാർക്ക്, വിശാഖപട്ടണം, ചെന്നൈ എന്നിവയുൾപ്പെടെ പ്രധാന തീരദേശ നഗരങ്ങളിലായി പത്ത് മെഗാ പൊതുജന സമ്പർക്ക പരിപാടികൾ നടന്നു.

## നികുതി അടയ്ക്കുന്നതിനുള്ള ക്യാമ്പ് ഇന്ന്

**കൊച്ചി:** കൊച്ചി കോർപ്പറേഷനിലെ കെട്ടിട, തൊഴിൽ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ നേതൃത്വത്തിൽ ഇന്ന് കർഷക റോഡ് ബിൽഡിംഗിലെ വ്യാപാര ഭവനിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 03.30 വരെ ക്യാമ്പ് നടക്കും. 1,32,69,73,74(പുതിയ ഡിവിഷൻ24,25,18,22,23) എന്നിവയുടെ മാത്രമെ തൊഴിൽ നികുതി അടയ്ക്കാൻ ക്യാമ്പിൽ സൗകര്യം ഉണ്ടാകുകയുള്ളൂ. ഭക്ഷണ നിർമ്മാണത്തിന് ലൈസൻസ് എടുക്കുന്നതിനാവശ്യമായ വെള്ളം പരിശോധിക്കാനുള്ള രജിസ്ട്രേഷനുള്ള സൗകര്യവും ക്യാമ്പിൽ ഉണ്ടായിരിക്കും.

## വിജ്ഞാനകേരളം തൊഴിൽ മേള നാളെ

**കൊച്ചി:** അസാപ് കേരളയും അമ്പലപ്പാറ ഗ്രാമപഞ്ചായത്തും ചേർന്ന് 'വിജ്ഞാനകേരളം തൊഴിൽ മേള' സംഘടിപ്പിക്കുന്നു. നാളെ രാവിലെ 9.30 മുതൽ അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് കല്യാണമണ്ഡപത്തിൽ തൊഴിൽ മേള ആരംഭിക്കും. 20ലധികം പ്രമുഖ കമ്പനികൾ പങ്കെടുക്കുന്ന മേളയിൽ 300ലധികം തൊഴിൽ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പത്താംതരം മുതൽ എം.ബി.എ വരെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. ഐ.ടി.ഐ, ഡിപ്ലോമ, ഡിഗ്രി യോഗ്യതയുള്ളവർക്കും അവസരമുണ്ട്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി ഓൺലൈനായി രജിസ്റ്റർ ചെയ്യണം. പങ്കെടുക്കുന്നവർ ബയോഡാറ്റ സഹിതം ഹാജരാകണമെന്ന് അധികൃതർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 8157874997, 9645748729, 9495999667 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഫോസ്റ്റർ കെയർ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ മദ്ധ്യവേനൽ അവധിക്കാലത്ത് സ്വന്തം വീട്ടിൽ പോകാൻ കഴിയാത്ത ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സ്നേഹപരമായ വീടനുഭവം നൽകുന്നതിനായി ഫോസ്റ്റർ കെയർ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 6 മുതൽ 18 വയസ് വരെയുള്ള കുട്ടികളെ സ്വന്തം മക്കളോടൊപ്പം താമസിപ്പിക്കാൻ സന്നദ്ധരായ എറണാകുളം ജില്ലയിലെ കുടുംബങ്ങൾ അപേക്ഷിക്കാം. 2026 മാർച്ച് 10 വരെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ അപേക്ഷ സമർപ്പിക്കാം. അപേക്ഷ അയക്കേണ്ട മേൽവിലാസം ജില്ലാ ശിശു സംരക്ഷണ ഓഫീസർ, സിവിൽ സ്റ്റേഷൻ, താഴത്തെ നില, എ3 ബ്ലോക്ക്, കാക്കനാട് , എറണാകുളം 682030.

# ഗുകേഷിന് ആദരം; ലിമിറ്റഡ് എഡിഷൻ വാച്ചുമായി ടൈറ്റൻ



**കൊച്ചി:** 18 വയസിൽ ഏറ്റവും പ്രായം കുറഞ്ഞ ലോക ചെസ് ചാമ്പ്യനായ ഗുകേഷ് ദൊമ്മരാജുവിനെ ആദരിക്കുവാൻ ടൈറ്റൻ വാച്ചസ് ലിമിറ്റഡ് എഡിഷൻ വാച്ച് പുറത്തിറക്കി. 'ടൈറ്റൻ ഓഫ് ദി ഇയർ' ബഹുമതിക്കും ഗുകേഷ് അർഹനായി.

കഴിഞ്ഞ വർഷം വിങ് കമാൻഡർ രാകേഷ് ശർമ്മയാണ് ഈ ആദരവിന് അർഹനായത്. നിർഭയമായ തന്ത്രങ്ങൾ, ശാന്തമായ കൃത്യത, ഏറ്റവും ഉയർന്ന തലത്തിലുള്ള സ്ഥിരമായ മികവ് എന്നിവയാൽ നിർവചിക്കപ്പെട്ട ഗുകേഷിന്റെ വിജയ യാത്രയെ ഇതിലൂടെ അംഗീകരിക്കുന്നുവെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡിന്റെ വാച്ചസ് വിഭാഗം വൈസ് പ്രസിഡന്റും ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസറുമായ രാഹുൽ ശുക്ല പറഞ്ഞു.

ടൈഗർ ഐ, ബ്ലാക്ക് അഗേറ്റ് എന്നിവയാൽ അലംകൃതമായ സങ്കീർണ്ണമായ മാർക്വെട്രി ഡയലാണ് ഈ വാച്ചിനുള്ളത്. ഡയലിന്റെ ജ്യാമിതീയ രൂപം ചെസ് ബോർഡിനെ ഓർമ്മിപ്പിക്കുന്നു. ഓരോ ചെസ് കരുക്കളുടെയും സ്ഥാനവും ചലനവും പ്രതിഫലിപ്പിക്കുന്ന സൂചികകൾ ഗുകേഷിന്റെ സമീപനത്തെ ഡയലിൽ അടയാളപ്പെടുത്തുന്നു. വാച്ചിന്റെ റോട്ടറിൽ ഗ്രാൻഡ്മാസ്റ്റർ നൈറ്റ് മോട്ടിഫും '18 വയസിൽ ഏറ്റവും പ്രായം കുറഞ്ഞ ലോക ചെസ് ചാമ്പ്യൻ' എന്ന ലിഖിതവും ഉണ്ട്. സഫയർ ക്രിസ്റ്റൽ സുരക്ഷ നൽകുന്ന ഈ വാച്ച്, റോസ്ഗോൾഡ് ഫിനിഷുള്ള 316 സ്റ്റെയിൻലെസ്സ് സ്റ്റീൽ കേസിനുള്ളിലാണ് നിർമ്മിച്ചിരിക്കുന്നത്. ടൈറ്റന്റെ ഇൻഹൗസ് ഓട്ടോമാറ്റിക് മൂവ്മെന്റിലാണ് ഇത് പ്രവർത്തിക്കുന്നത്. 500 എണ്ണം മാത്രം നിർമ്മിച്ചിട്ടുള്ള ഈ ലിമിറ്റഡ് എഡിഷൻ വാച്ചിൽ ഇറ്റാലിയൻ ലെതർ സ്ട്രാപ്പാണ് ഉപയോഗിച്ചിരിക്കുന്നത്. ഗുകേഷിന്റെ സന്ദേശത്തോടു കൂടിയ സവിശേഷമായ പാക്കേജിംഗിലാണ് ഈ വാച്ച് വരുന്നത്. 69,995 രൂപ വിലയുള്ള ഈ ലിമിറ്റഡ് എഡിഷൻ വാച്ച് തിരഞ്ഞെടുത്ത ടൈറ്റൻ വേൾഡ് സ്റ്റോറുകളിലും, വലിയ റീട്ടെയിൽ ഔട്ട്ലെറ്റുകളിലും, www.titan.co.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

# പ്ലസ് വൺ വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വരെ സ്കോളർഷിപ്പ്

**കൊച്ചി:** മുത്തൂറ്റ് എഡ്യുക്കേഷണൽ സൊസൈറ്റിയുടെ കീഴിലുള്ള സൻസ്കാര സ്കൂളിൽ 2026-2027 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കൊച്ചി ഇൻഫോപാർക്ക് ഫേസ് 2ൽ പ്രവർത്തിക്കുന്ന സ്കൂളിൽ ടോഡ്ലർ (ഒരു വയസ്സ് മുതൽ) വിഭാഗം മുതൽ പ്ലസ് വൺ വരെയുള്ള ക്ലാസുകളിലേക്കാണ് അഡ്മിഷൻ നടക്കുന്നത്.

പ്ലസ് വണ്ണിന് പ്രവേശനം നേടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് 1 ലക്ഷം രൂപ വരെയുള്ള സ്കോളർഷിപ്പുകളും ലഭ്യമാണ്.

അക്കാദമിക് മികവിനൊപ്പം സർഗ്ഗാത്മകത, കായികം, സംരംഭകത്വം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയ്ക്കും മുൻഗണന നൽകുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനരീതിയാണ് സൻസ്കാര സ്കൂൾ മുന്നോട്ടുവെക്കുന്നത്. പത്താം ക്ലാസ് ബോർഡ് പരീക്ഷയിൽ 95 ശതമാനത്തിന് മുകളിൽ മാർക്ക് നേടിയവർക്ക് 1.23 ലക്ഷം രൂപ വരെയുള്ള സ്കോളർഷിപ്പുകൾ ലഭ്യമാവും. 90-95 ശതമാനം മാർക്കുള്ളവർക്ക് ട്യൂഷൻ ഫീസിന്റെ 60 ശതമാനവും, 80-90 ശതമാനം മാർക്ക് നേടിയവർക്ക് 40 ശതമാനവും സ്കോളർഷിപ്പ് ലഭിക്കും.

കൂടാതെ, 9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി പാഠ്യപദ്ധതിയുടെ ഭാഗമായി ഇന്റേൺഷിപ്പ് സൗകര്യങ്ങളും സ്കൂൾ ഒരുക്കിയിട്ടുണ്ടെന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കി.

# കേരളത്തിൽ 2,000 കോടി നിക്ഷേപം പ്രഖ്യാപിച്ച് എസ്എഫ്ഒ ടെക്നോളജീസ്; ആദ്യഘട്ടത്തിൽ 900 തൊഴിലവസരങ്ങൾ




**കൊച്ചി:** കേരളത്തിൽ 2,000 കോടി രൂപയുടെ നിക്ഷേപം പ്രഖ്യാപിച്ച് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന നെസ്റ്റ് ഗ്രൂപ്പിന്റെ മുൻനിര ടെക്നോളജി, എഞ്ചിനീയറിംഗ് കമ്പനിയായ എസ്എഫ്ഒ ടെക്നോളജീസ്. കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര ബയർ സെല്ലർ മീറ്റ് 'ട്രേഡെക്സ് കേരള 2026' വേദിയിൽ നെസ്റ്റ് ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എൻ. ജഹാംഗീറാണ് പദ്ധതി പ്രഖ്യാപിച്ചത്. പരിപാടിയിൽ വച്ച് ഡോ. ജഹാംഗീർ സംസ്ഥാന സർക്കാരിന് താൽപ്പര്യ പത്രം (ഇഒഐ) കൈമാറി.

സർക്കാരിനുവേണ്ടി, വ്യവസായ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഇഒഐ സ്വീകരിച്ചു. കേരളത്തിൽ നിക്ഷേപിക്കാനുള്ള ഗ്രൂപ്പിന്റെ തീരുമാനത്തെ വ്യവസായ മന്ത്രി പി. രാജീവ് സ്വാഗതം ചെയ്തു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് കമ്പനിക്ക് എല്ലാ പിന്തുണയും നൽകുമെന്ന് മന്ത്രി പറഞ്ഞു. അഡ്വാൻസ്ഡ് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് സർവീസസ്, സോഫ്റ്റ്‌വെയർ ആൻഡ് എംബഡഡ് എഞ്ചിനീയറിംഗ്, എനർജി സൊല്യൂഷൻസ്, പ്രിസിഷൻ എഞ്ചിനീയറിംഗ് എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിലാണ് ഘട്ടം ഘട്ടമായി നിക്ഷേപം നടത്തുക.

ഏറ്റവും വലിയ ഇന്ത്യൻ ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് കമ്പനിയാണ് എസ്എഫ്ഒ ടെക്നോളജീസ്. പ്രാരംഭ ഘട്ടത്തിൽ പദ്ധതി ഏകദേശം 900 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. എസ്എഫ്ഒ ടെക്നോളജീസ് പോലുള്ള സ്ഥാപനം സംസ്ഥാനത്ത് 2,000 കോടി നൽകാനുള്ള തീരുമാനം കേരളത്തിന്റെ വ്യവസായ സൗഹൃദ നയങ്ങൾക്ക് ലഭിച്ച അംഗീകാരമാണെന്ന് രാജീവ് പറഞ്ഞു. 'എസ്എഫ്ഒയുടെ നിക്ഷേപം കേരളത്തിലെ യുവാക്കൾക്ക് അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ ആവശ്യമായ എല്ലാ പിന്തുണയും സർക്കാർ നൽകും,' മന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തിൽ നിക്ഷേപം വികസിപ്പിക്കാനുള്ള കമ്പനിയുടെ തീരുമാനത്തിൽ സംസ്ഥാനത്തെ വ്യവസായ സൗഹൃദ ആവാസവ്യവസ്ഥ ഒരു പ്രധാന ഘടകമാണെന്ന് ഡോ. ജഹാംഗീർ അഭിപ്രായപ്പെട്ടു.

# ഐ.സി.എ.ഐ എറണാകുളം ബ്രാഞ്ച്: ഭാരവാഹികളെ തെരഞ്ഞെടുത്തു


ജോബി ജോർജ്ജ് (ചെയർമാൻ)


പ്രതീഷ് പോൾ എം (സെക്രട്ടറി)

**കൊച്ചി:** ഐ.സി.എ.ഐ എറണാകുളം ബ്രാഞ്ച് 2026-27 വർഷത്തെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

ജോബി ജോർജ്ജ് (ചെയർമാൻ), രൂപേഷ് രാജഗോപാൽ (വൈസ് ചെയർമാൻ) പ്രതീഷ് പോൾ എം (സെക്രട്ടറി), ജോളി സ്റ്റീഫൻ (ട്രഷറർ), ഡിബിൻ ദിവ്യകുമാർ (സികാസ ചെയർമാൻ) ബീന ബീഗം വി കെ, സാന്ദ്ര തോമസ്, ശരത്ത് കാചനപ്പിള്ളിൽ, ആനന്ദ് എ എസ് (മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ) എന്നിവരാണ് ഭാരവാഹികൾ. ഫെബ്രുവരി 21ന് പാലാരിവട്ടം റിനൈ കൊച്ചിനിൽ നടക്കുന്ന ചടങ്ങിൽ പുതിയ ഭാരവാഹികൾ അധികാരമേൽക്കും.

# ബി.എസ്.എൻ.എലിൽ അപ്രെന്റിസ് ട്രെയിനി നിയമനം

**കൊച്ചി :** ബി എസ് എൻ എൽ എറണാകുളം ബിസിനസ്സ് ഏരിയയിൽ ഒരു വർഷത്തേക്ക് അപ്രെന്റീസ് ട്രെയിനികളെ നിയമിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 28 നകം കളത്തിപ്പറമ്പിൽ റോഡിലുള്ള ബി.എസ്.എൻ.എൽ പ്രിൻസിപ്പൽ ജനറൽ മാനേജരുടെ ഓഫീസിൽ യോഗ്യത തെളിയിക്കുന്ന രേഖകളുമായി(സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്) എത്തുക.

യോഗ്യത : 2022 മാർച്ച് ന് ശേഷം ഡിഗ്രി /ഡിപ്ലോമ /എഞ്ചിനീയറിംഗ് പാസ്സായവർ. http://nats.education.gov.in പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കണം. വിശദവിവരങ്ങൾക്ക് 9447189500, 9447064100 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# കൊച്ചി വിമാനത്താവളം: സുരക്ഷാ പദ്ധതി സ്ഥാപിക്കാനുള്ള കരാർ ഗോദ്റെജിന്

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതുതലമുറ ഗേറ്റുകളും നിർണായക മേഖലകളിൽ അത്യാധുനിക സുരക്ഷാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനുള്ള കരാർ ഗോദ്റെജ് എന്റർ പ്രൈസസ് ഗ്രൂപ്പിന്റെ സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസ് കരസ്ഥമാക്കി.

ഓട്ടോമാറ്റിക് ആയി നമ്പർ പ്ലേറ്റുകൾ തിരിച്ചറിയുന്ന എഎൻപിആർ സംവിധാനവുമായി സംയോജിപ്പിച്ച അർ വെഹിക്കിൾ സ്കാനിങ് സംവിധാനം (യുവിഎസ്എസ്) അതീവ ശക്തിയുള്ള ടയർ കില്ലറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നത് ഈ പദ്ധതിയിൽപ്പെടും. വാഹന പരിശോധനകൾ കൂടുതൽ മെച്ചപ്പെടുത്താനും വാഹനങ്ങൾ തടയാനും വിമാനത്താവളത്തിലേക്കുള്ള പ്രവേശനം നിയന്ത്രിക്കാനുമെല്ലാം ഈ സംയോജിത സുരക്ഷാ സംവിധാനങ്ങൾ സഹായകമാകുമെന്ന് ഗോദ്റെജ് എന്റർ പ്രൈസസ് ഗ്രൂപ്പ് സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസ് മേധാവി പുഷ്കർ ഗോഖലെ പറഞ്ഞു.

ടെർമിനൽ ഒന്ന്, രണ്ട് എന്നിവിടങ്ങളിൽ അകത്തേക്കും പുറത്തേക്കുമുള്ള ഗേറ്റുകളിൽ ഇവ സ്ഥാപിക്കും. വിമാനത്താവളത്തിലേക്കു വരുന്നതും പോകുന്നതുമായ എല്ലാ വാഹനങ്ങളും ഇതിലൂടെ നിരീക്ഷിക്കുന്നു എന്ന് ഉറപ്പാക്കും.

# ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടി: 55,000 കോടി രൂപയുടെ പദ്ധതികൾ തുടങ്ങി

**കൊച്ചി:** സംസ്ഥാന സർക്കാർ സംഘടിപ്പിച്ച 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ഒരു വർഷം പിന്നിടുമ്പോൾ നിർമ്മാണം തുടങ്ങിയത് 54,908.22 കോടി രൂപയുടെ പദ്ധതികളാണെന്ന് വ്യവസായമന്ത്രി പി രാജീവ് അറിയിച്ചു. ആകെ ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങളിൽ ഭൂമി ലഭ്യമായവയുടെ 40 ശതമാനത്തിലധികമാണ് യാഥാർത്ഥ്യമായ നിക്ഷേപങ്ങൾ.

കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ ആഗോളതലത്തിൽ ഉയർത്തിക്കാട്ടാൻ സഹായിച്ച ഈ സംഗമത്തിലൂടെ 449 നിക്ഷേപകരിൽ നിന്നായി 1,81,209 കോടി രൂപയുടെ നിക്ഷേപ താൽപര്യ പത്രങ്ങളാണ് (ഇഒഐ) സർക്കാരിന് ലഭിച്ചത്. ഇതിൽ 'നിർമ്മാണം ആരംഭിച്ചു' എന്നതും 'പ്രവർത്തനങ്ങൾ ആരംഭിച്ചു' എന്നതും ഉൾപ്പെടുന്ന 115 പദ്ധതികളാണുള്ളത്.

66,073 തൊഴിലവസരങ്ങളാണ് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ടൂറിസം, ഭക്ഷ്യ സംസ്കരണം, ഐടി, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ തുടങ്ങി 22 മുൻഗണനാ മേഖലകളിലാണ് സംസ്ഥാന സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതെന്നും അദ്ദേഹം പറഞ്ഞു. ലഭിച്ച നിക്ഷേപ താൽപര്യ പത്രങ്ങൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിലാണ് സർക്കാർ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതിനായി നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ ഏജൻസികൾ വഴി കൃത്യമായ ഫോളോ അപ്പ് നടത്തിവരുന്നു. 100 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റും, അതിനു മുകളിലുള്ള പദ്ധതികൾ കെ.എസ്.ഐ.ഡി.സിയുമാണ് നിരീക്ഷിക്കുന്നത്.

നിക്ഷേപകർക്ക് ആവശ്യമായ വിവിധ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് പ്രത്യേക സംവിധാനം രൂപീകരിക്കുകയും കൃത്യമായ ഇടവേളകളിൽ പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

## പ്രവാസികൾക്ക് സൗജന്യ അപകട ഇൻഷുറൻസുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** പ്രവാസികൾക്കായി ഒരു കോടി രൂപയുടെ സൗജന്യ അപകട ഇൻഷുറൻസ് വാഗ്ദാനം ചെയ്യുന്ന 'റെമിറ്റ് ആൻഡ് റീടെയ്ൻ ക്യാമ്പയിൻ ഫെഡറൽ ബാങ്ക് ആരംഭിച്ചു. എൻആർഇ, എൻആർഒ സേവിംഗ്സ് അല്ലെങ്കിൽ കറന്റ് അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി കുറഞ്ഞത് 2 ലക്ഷം രൂപ അയച്ച് 60 ദിവസത്തേക്ക് അക്കൗണ്ടിൽ നിലനിറുത്തുമ്പോൾ ഒരു വർഷത്തേക്കുള്ള സൗജന്യ ആഗോളതല ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. അപകടമരണത്തിന് 25 ലക്ഷം വരെയും, അപകടത്തെ തുടർന്നുണ്ടാകുന്ന സ്ഥിരമായ വൈകല്യത്തിന് 25 ലക്ഷം വരെയും, വിമാനയാത്രയ്ക്കിടെ സംഭവിക്കുന്ന അപകടമരണത്തിന് ഒരു കോടി വരെയുമാണ് പരിരക്ഷ.

എൻആർഐ ബിസിനസിൽ രാജ്യത്തെ നാലാമത്തെ വലിയ ബാങ്കായ ഫെഡറൽ ബാങ്ക്, പ്രവാസികൾക്ക് എളുപ്പവും സുരക്ഷിതവുമായ രീതിയിൽ നാട്ടിലേക്ക് പണം അയയ്ക്കാൻ 90ലധികം റിമിറ്റൻസ് സേവന ദാതാക്കളുമായും 20 വിദേശ കറസ്പോന്റ് ബാങ്കുകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നു. ലോകമെമ്പാടുമുള്ള ബാങ്കിന്റെ 15 ലക്ഷം പ്രവാസി ഇടപാടുകാർക്കു വേണ്ടിയാണ് ക്യാമ്പയിന് തുടക്കം കുറിച്ചിരിക്കുന്നത്.

## ജാവാ 42 പുതിയ ഐവറി വേരിയന്റ് അവതരിപ്പിച്ചു




**കൊച്ചി:** ജാവാ യെസ്ഡി മോട്ടോർസൈക്കിൾസ് നിയോക്ലാസിക് മോഡൽ ആയ ജാവാ 42ന് പുതിയ ഐവറി നിറം അവതരിപ്പിച്ചു. ആഗോളതലത്തിൽ വളരുന്ന ശാന്തവും നിസ്സാരവുമുള്ള വർണങ്ങളിലേക്കുള്ള പ്രവണതയെ പ്രതിഫലിപ്പിക്കുന്ന ഈ പാസ്റ്റൽ ഷേഡ്, റെട്രോ '42' ലിവറിയും ചെക്കേഡ് ഗ്രാഫിക്സും കൊണ്ടു ശ്രദ്ധേയമാണ്. 27.32 പി.എസ് ശക്തിയും 26.84 എൻ.എം ടോർക്കും നൽകുന്ന 294 സിസി ലിക്വിഡ്കൂള്ഡ് എൻജിനാണ് ഇതിന്റെ ശേഷി. 6സ്പീഡ് ഗിയർബോക്സ്, എ ആന്റ് എസ് ക്ലച്ച് എന്നിവയും ഇന്ത്യക്കായി ട്യൂൺ ചെയ്ത സസ്പെൻഷനും കൂടി പ്രകടനം മെച്ചപ്പെടുത്തുന്നു. 4 വർഷം/ 50,000 കിമീ വാറന്റിയും 450ത്തിലധികം സേവന കേന്ദ്രങ്ങളുടെ പിന്തുണയും ഐവറിയെ കൂടുതൽ ആകർഷകമാക്കുന്നു.

## ക്വാണ്ടം മ്യൂച്വൽ ഫണ്ട്: നാലാമത്തെ ഓഫീസ് കൊച്ചിയിൽ തുറന്നു

**കൊച്ചി:** കേരളത്തിലെ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായി ക്വാണ്ടം അസറ്റ് മാനേജ്മെന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (ക്വാണ്ടം എഎംസി) കൊച്ചിയിൽ പുതിയ ഓഫീസ് തുറന്നു. വെറും നാല് മാസത്തിനുള്ളിൽ ദക്ഷിണേന്ത്യയിൽ കമ്പനി ആരംഭിക്കുന്ന നാലാമത്തെ ഓഫീസാണിത്.

സാമ്പത്തിക അവബോധത്തിൽ അധിഷ്ഠിതമായ അഭിലാഷങ്ങളെയാണ് കൊച്ചി പ്രതിനിധീകരിക്കുന്നതെന്ന് ക്വാണ്ടം എഎംസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സീമന്ത് ശുക്ല പറഞ്ഞു.

ആഗോളതലത്തിൽ ബന്ധിക്കപ്പെട്ടതും വിദ്യാഭ്യാസത്തിന് മുൻഗണന നൽകുന്നതുമായ നിക്ഷേപക അടിത്തറയുള്ളതിനാലാണ് കേരളത്തിലെ ഞങ്ങളുടെ ആദ്യ ഓഫീസിനായി കൊച്ചിയെ തിരഞ്ഞെടുത്തത്. ഇവിടുത്തെ നിക്ഷേപകർ സമ്പത്ത് സൃഷ്ടിക്കുന്നതിൽ വളരെ ചിന്താപരവും മൂല്യാധിഷ്ഠിതവുമായ സമീപനമാണ് സ്വീകരിക്കുന്നത്.

സുതാര്യവും ഗവേഷണാധിഷ്ഠിതവും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ നിക്ഷേപ പരിഹാരങ്ങൾ നൽകിക്കൊണ്ട് ഇന്ത്യയിലെ വളർന്നുവരുന്ന നിക്ഷേപകർക്ക് സേവനം നൽകാനുള്ള ഞങ്ങളുടെ പ്രതിജ്ഞാബദ്ധത ഈ വിപുലീകരണം ഉറപ്പിക്കുന്നുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 'അമൃത് കൊച്ചിൻ ഡ്യൂട്ടി ഫ്രീ എക്സ്ക്ലുസീവ്' പുറത്തിറക്കി




**കൊച്ചി:** മോണിക്ക അൽകോബേവ് ലിമിറ്റഡുമായി സഹകരിച്ച്, അമൃത് ഡിസ്റ്റിലറീസ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഡ്യൂട്ടി ഫ്രീ ലോഞ്ചിൽ ലിമിറ്റഡ് എഡിഷൻ സിംഗിൾ മാൾട്ട് വിസ്കിയായ 'അമൃത് കൊച്ചിൻ ഡ്യൂട്ടി ഫ്രീ എക്സ്ക്ലുസീവ്' പുറത്തിറക്കി. ചോക്ലേറ്റിന്റെയും ഡ്രൈ ഫ്രൂട്ട്സിന്റെയും സുഗന്ധത്തോടും സിൽക്കി ടെക്സ്ചറോടും കൂടിയ പുതിയ ഉൽപ്പന്നം ആഗോള യാത്രാ റീട്ടെയിൽ ഓഫറുകളിൽ ഏറ്റവും മികച്ചത് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് അമൃത് ഡിസ്റ്റിലറീസ് എംഡി രക്ഷിത് ജാഗ്ദലെ പറഞ്ഞു. എക്സ്ബർബൺ, എക്സ് ഷെറി കാസ്കുകളിൽ നിന്നും അമൃതിന്റെ മാസ്റ്റർ ഡിസ്റ്റിലർ തിരഞ്ഞെടുത്ത് രൂപം നൽകിയ ഉൽപ്പന്നത്തിന് 48% എബിവിയാണുള്ളത്. കേരളത്തിന് മാത്രമായുള്ള ലിമിറ്റഡ് എഡിഷൻ ബ്രാൻഡിന്റെ ലേബലിൽ കളരിപ്പയറ്റ്, ഹൗസ് ബോട്ടുകൾ, തേയിലത്തോട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നതായും അദ്ദേഹം വ്യക്തമാക്കി.

## എക്സ്ഇഡി ഐപിഒ മാർച്ച് ആദ്യം

**കൊച്ചി:** ഇന്ത്യയുടെ ഇന്റർനാഷനൽ ഫിനാൻഷ്യൽ സർവീസസ് സെന്ററായ ഗിഫ്റ്റ് സിറ്റിയിൽ നിന്നുള്ള (ഐഎഫ്എസ് സി) ആദ്യ ഐപിഒ മാർച്ച് ആദ്യവാരം തുടങ്ങുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി. ആഗോള തലത്തിൽ എക്സിക്യൂട്ടീവ് വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന എക്സ്ഇഡിയിൽ നിന്നാണ് 12 ദശലക്ഷം ഡോളർ സമാഹരിക്കാൻ ലക്ഷ്യമിട്ട് ഐപിഒ എത്തുന്നത്. സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ നിന്ന് അനുമതികൾ ലഭിച്ചതിനെത്തുടർന്ന് കമ്പനി രജിസ്ട്രാർ ഓഫ് കമ്പനീസിൽ ആർഎച്ച്പി സമർപ്പിച്ചു കഴിഞ്ഞു.ഇന്റർനാഷനൽ ഫിനാൻഷ്യൽ സർവീസസ് സെന്റേഴ്സ് അതോറിറ്റി (ഐഎഫ്എസ് സിഎയുടെ കീഴിൽ വിദേശ ഇന്ത്യക്കാർ, വിദേശ പോർട്ഫോളിയോ നിക്ഷേപകർ, സ്ഥാപന നിക്ഷേപകർ, അനുമതിയുള്ള മറ്റ് വിദേശ സ്ഥാപനങ്ങൾ എന്നിവർക്ക് നിക്ഷേപിക്കാം. ഓഹരികൾ എൻഎസ്ഇ ഇന്റർനാഷനൽ എക്സ്ചേഞ്ച് (എൻഎസ്ഇ ഐഎക്സ്) ഇന്ത്യയുടെ ഐഎഫ്എസ് സികൾ എന്നിവിടങ്ങളിൽ ലിസ്റ്റു ചെയ്യും. ഡോളർ അധിഷ്ഠിതമായാണ് തുടർന്നുള്ള ട്രേഡിംഗ് നടക്കുക. ഇഷ്യുവിന്റെ ആങ്കർ നിക്ഷേപകരുടെ ഭാഗം ഫെബ്രുവരി അവസാനത്തോടെ ക്ലോസ് ചെയ്യും. ആഗോളതലത്തിലുള്ള വികസനം, സർവകലാശാലകളുമായുള്ള പങ്കാളിത്ത വിപുലീകരണം, പ്രധാന വിപണികളിലെ പ്രവർത്തന വികസനം എന്നിവയുടെ ഫിംഗിനാണ് ഐപിഒയെന്ന് കൊച്ചി സ്വദേശിയായ സ്ഥാപകൻ ജോൺ കല്ലേലിൽ പറഞ്ഞു.

## വളർച്ച നേടി ടിസിഐ

**കൊച്ചി:** രാജ്യത്തെ മുൻനിര ഇന്റഗ്രേറ്റഡ് മൾട്ടിമോഡൽ ലോജിസ്റ്റിക്സ് വിതരണ ശൃംഖല കമ്പനിയായ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്. (ടിസിഐ) 2025 ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ മികച്ച സാമ്പത്തിക വളർച്ച രേഖപ്പെടുത്തി. ഇക്കാലയളവിൽ ടിസിഐ 12609 ദശലക്ഷം രൂപയുടെ വരുമാനം നേടി. കഴിഞ്ഞ വർഷം ഇതേ സമയത്തുള്ള 11539 ദശലക്ഷം രൂപയിൽ നിന്ന് 9.3 ശതമാനം വർധനവാണുണ്ടായത്.

ഇതേ കാലയളവിൽ ഇബിഐഡിഎടി വിഭാഗത്തിലെ വരുമാനം 1616 ദശലക്ഷം രൂപയായി ഉയർന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ സമയത്തെ 1478 ദശലക്ഷം രൂപയിൽ നിന്നാണ് ഈ വളർച്ച കൈവരിച്ചത്. നികുതിക്ക് ശേഷമുള്ള ലാഭം 13.4 ശതമാനം വളർച്ചയോടെ 1158 ദശലക്ഷം രൂപയായി വർധിച്ചു. കഴിഞ്ഞ വർഷം ഇതേകാലയളവിൽ 1021 ദശലക്ഷം രൂപയിൽ നിന്നാണ് വളർച്ച. ഉത്സവകാല ആവശ്യകത വർധിച്ച സാഹചര്യത്തിൽ ഓട്ടോമോട്ടീവ്, എഫ്എംസിജി, എംഎസ്എംഇ അധിഷ്ഠിത ലോജിസ്റ്റിക്സ് സൊല്യൂഷനുകളിൽ അനുകൂല മാറ്റത്തിന് കാരണമായതായി ടിസിഐ എംഡി വിനീത് അഗർവാൾ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കാർഷിക മേഖലയിൽ എഐ വഴി തൊഴിലവസരം വർധിക്കും: അഗ്രിനെക്സ്റ്റ് ഉച്ചകോടി

**കൊച്ചി:** മറ്റ് തൊഴിൽ മേഖലകളിൽ നിന്നും വ്യത്യസ്തമായി നിർമ്മിത ബുദ്ധിയുടെ വരവോടെ കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്ന് കൊച്ചിയിൽ സമാപിച്ച അഗ്രി നെക്സ്റ്റ് ഉച്ചകോടി അഭിപ്രായപ്പെട്ടു. സംസ്ഥാന സർക്കാരിന്റെ കേര പ്രോജക്ടിനു കീഴിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ, കൃഷിവകുപ്പ്, ലോക ബാങ്ക് എന്നിവർ സംയുക്തമായാണ് ഉച്ചകോടി സംഘടിപ്പിച്ചത്. ഉച്ചകോടിയിൽ പങ്കെടുത്ത വിവിധ കാർഷികോത്പാദക സംഘങ്ങളുമായി 50 സ്റ്റാർട്ടപ്പുകൾ കരാറിൽ ഏർപ്പെട്ടു. കാർഷികമേഖലയിൽ കൂടുതൽ നിക്ഷേപം വരുന്നതിനും വൈവിധ്യമാർന്ന വിളകൾ കൃഷി ചെയ്യുന്നതിനും സാങ്കേതിക വിദ്യയുടെ ഉപയോഗം സഹായിക്കുമെന്ന് ഉച്ചകോടി ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള പ്രൊജക്ട് ഡയറക്ടർ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് പറഞ്ഞു. കളമശേരിയിലെ കേരള സ്റ്റാർട്ടപ്പ് മിഷൻ ക്യാമ്പസിലായിരുന്നു പരിപാടി.



കാർഷികനയങ്ങളിൽ കാലനുസൃതമായ മാറ്റം കൊണ്ടുവരികയും ആധുനിക സാങ്കേതികവിദ്യ പരമാവധി സമന്വയിപ്പിക്കുകയും ചെയ്താൽ ഈ തൊഴിൽ ലാഭകരമായി മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യ കർഷകർക്ക് ഉപകരിക്കുന്നതാണെന്ന് ബോധ്യപ്പെടണം. തോട്ടം മേഖലയിലും വൻകിട കാർഷിക വൃത്തിയിലും റോബോട്ടിക്സ്, ഡ്രോൺ, ഐഒടി സാങ്കേതികവിദ്യകൾ കാര്യമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ചെറുകിട കർഷകർക്കും ഉപയോഗിക്കാനാവുന്ന സാങ്കേതികവിദ്യകൾ ഉയർന്നു വരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തുള്ളിനന സംവിധാനത്തിനായി 100 കോടി രൂപയാണ് കേര പ്രൊജക്ട് വഴി നടപ്പാക്കാൻ പോകുന്നത്. മറ്റ് മേഖലകളിൽ നിർമ്മിതബുദ്ധി കൊണ്ടു വന്ന മാറ്റം കാർഷിക മേഖലയിലും സമീപ ഭാവിയിൽ തന്നെ നടപ്പാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഈ മാറ്റവുമായി പൊരുത്തപ്പെടാൻ കർഷകർ തയ്യാറായി ഇരിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കാർഷിക സാങ്കേതികവിദ്യയിൽ കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ സമാനതകളില്ലാത്തതാണെന്ന് അദ്ദേഹം പറഞ്ഞു.

കേര പ്രൊജക്ടിന്റെ കാർഷിക സാങ്കേതികപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഏറ്റവും പറ്റിയ മാധ്യമം സ്റ്റാർട്ടപ്പ് മിഷനാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഭാവിയുടെ കാർഷിക മേഖലയിൽ സാങ്കേതികവിദ്യയുടെ സ്ഥാനം എന്ന വിഷയത്തിൽ സംസ്ഥാന ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു ഓൺലൈനായി സംസാരിച്ചു. നിർമ്മിതബുദ്ധി മൂലം മറ്റ് മേഖലകളിൽ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക നിലനിൽക്കുമ്പോൾ കാർഷിക മേഖലയിൽ തൊഴിലവസരം ഗണ്യമായി വർധിക്കുമെന്ന് ചടങ്ങിന്റെ പ്രമേയം അവതരിപ്പിച്ച കെഎസ്‌യുഎം സിഇഒ അനൂപ് അംബിക ചൂണ്ടിക്കാട്ടി. കാർഷിക സാങ്കേതികവിദ്യാ സ്റ്റാർട്ടപ്പുകളുടെ വിജയത്തിൽ ഇൻകുബേഷൻ വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് ആഗോളതലത്തിലുള്ള അനുഭവങ്ങൾ തെളിയിക്കുന്നുവെന്ന് ലോകബാങ്ക് പ്രതിനിധി അസെബ് ഫിസ്സ മെക്കോനൻ പറഞ്ഞു. 'സാങ്കേതികവിദ്യ വയലിലേക്ക്, മാറ്റം വിളവിലേക്ക്' എന്ന പ്രമേയത്തിലാണ് ഉച്ചകോടി നടന്നത്. ആയിരത്തോളം കർഷകരും 252 തെരഞ്ഞെടുത്ത അഗ്രിസ്റ്റാർട്ടപ്പുകളും ഉച്ചകോടിയിൽ പങ്കെടുത്തു.

## കൈത്തറി സൗഹൃദ വാഷിങ് മെഷീനുകളുമായി ഗോദ്‌റേജ്

**കൊച്ചി:** കൈത്തറിയുടെ പാരമ്പര്യത്തിനു പുതുമയേകുന്ന ഒരു ചുവടുവെപ്പുമായി ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ അപ്ലയൻസസ് ബിസിനസ് 'ടെസ്റ്റഡ് ഫോർ ഹാൻഡ്‌ലൂംസ്'. കൈത്തറി സൗഹൃദ ഫ്രണ്ട് ലോഡ് വാഷിങ് മെഷീൻ സാങ്കേതികവിദ്യ കൈത്തറി തുണികളുടെ പരിചരണം ബുദ്ധിമുട്ടില്ലാത്തതാക്കുകയും ഇന്ത്യക്കാരെ കൈത്തറി തുണികൾ കൂടുതലായി ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കൈത്തറി വസ്ത്രങ്ങൾ പതിവായി ധരിക്കാനും അതിന്റെ പരിചരണം എളുപ്പമാക്കാനും സാധിക്കുന്ന വിധത്തിൽ എഐ ശക്തിയോടു കൂടിയ അത്യാധുനിക ഫ്രണ്ട് ലോഡ് വാഷിങ് മെഷീനാണ് ഗോദ്റെജ് അവതരിപ്പിക്കുന്നത്.

ബനാറസി സിൽക്ക് മുതൽ പട്ടോള സിൽക്കും പോച്ചംപള്ളി ഇക്കത്തും ജംദാനിയും വരെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുപത്തിയഞ്ച് കൈത്തറികളാണ് ഈ മെഷീനിൽ വിജയകരമായി പരീക്ഷിച്ചത്.

## വർമ്മ ഹോംസ് അവാർഡ് ഏറ്റുവാങ്ങി




**കൊച്ചി:** എൻജിനിയേഴ്സ് ക്ലബിന്റെ ബെസ്റ്റ് ബിൽഡർക്കുള്ള അവാർഡ് വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മയും ഡയറക്ടർ മിനി വർമ്മയും ചേർന്ന് ഐ എസ് ആർ ഒ മുൻ ചെയർമാൻ ഡോ. എസ് സോമനാഥനിൽ നിന്ന് ഏറ്റുവാങ്ങി. എൻജിനിയേഴ്സ് ക്ലബ്ബ് സെക്രട്ടറി അജിത് പി, ഫൽവേഴ്സ് ചാനൽ എം ഡി ശ്രീകണ്ഠൻ നായർ, എൻജിനിയേഴ്സ് ക്ലബ്ബ് പ്രസിഡന്റ് റോയി എബ്രഹാം മാമ്മൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, നാഗാർജ്ജുന കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്, ബാൽകോ പൈപ്പ്സ് എന്നീ കമ്പനികളാണ് മറ്റു ജേതാക്കൾ.

## 500 ശാഖകളിൽ സ്വർണ പണയ വായ്പയുമായി ഇൻഡസ്ഇൻഡ് ബാങ്ക്

**കൊച്ചി:** ഇൻഡസ്ഇൻഡ് ബാങ്ക് 245 ശാഖകളിൽ കൂടി സ്വർണ പണയ വായ്പാ സൗകര്യം ലഭ്യമാക്കും. ഇതോടെ രാജ്യവ്യാപകമായി 500 ശാഖകളിൽ സ്വർണ പണയ വായ്പാ സൗകര്യം ലഭ്യമാകും. ഒരു കോടി രൂപ വരെയുള്ള തൽക്ഷണ വായ്പകൾ നൽകാൻ ഇതിലൂടെ സാധിക്കും. കുറഞ്ഞ തോതിലെ നടപടിക്രമങ്ങൾ, മൽസരക്ഷമമായ പലിശ നിരക്കുകൾ, സൗകര്യപ്രദമായ തിരിച്ചടവുകൾ, നഗര, ഗ്രാമീണ മേഖലകളിൽ സുഗമമായ വായ്പകൾ എന്നിവയെല്ലാം ഇതിലൂടെ സാധ്യമാകും. പ്രത്യേക സ്വർണ പണയ ഡെസ്ക്കുകളും ഇതിന്റെ ഭാഗമായി ബാങ്ക് ശാഖകളിൽ ആരംഭിക്കും.

ബാങ്കിന്റെ ചെറുകിട വായ്പാ മേഖല ഇതിലൂടെ കൂടുതൽ ശക്തമാകുമെന്നു ഇൻഡസ്ഇൻഡ് ബാങ്ക് കൺസ്യൂമർ ബാങ്കിങ്, മാർക്കറ്റിങ് വിഭാഗം മേധാവി സൗമിത്ര സെൻ പറഞ്ഞു.

